# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജൂലൈ 4**

---

## ഓണേഴ്സ് ബിരുദ പ്രവേശനം; ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രവേശനത്തിന് പട്ടികജാതി, പട്ടിക വർഗ വിഭാഗക്കാർക്കുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ ഏഴിനു വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.

മുൻ അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനമെടുത്ത പട്ടിക ജാതി, പട്ടിക വർഗ വിഭാഗക്കാരും ഈ സമയപരിധിക്കു മുൻപ് സ്ഥിര പ്രവേശനം ഉറപ്പാക്കണം.

നിശ്ചിത തീയതിക്കു മുൻപ് പ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് റദ്ദാകും. ഒന്നാം പ്രത്യേക അലോട്ട്മെന്റ് ലഭിച്ചവർക്ക് സ്ഥിരപ്രവേശനത്തിനു മാത്രമേ ക്രമീകരണമുള്ളൂ. ഈ അലോട്ട്മെന്റിൽ താത്കാലിക പ്രവേശനം അനുവദിക്കുന്നതല്ല.

ഒന്നു മുതൽ മൂന്നുവരെ അലോട്ട്മെന്റുകളിൽ പ്രവേശനം നേടിയശേഷം പ്രത്യേക അലോട്ട്മെന്റിന് അപേക്ഷ നൽകിയിരുന്നവർക്ക് ഇത്തവണ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ മുൻ അലോട്ട്മെന്റ് റദ്ദാകും. ഈ വിഭാഗത്തിൽ പെടുന്നവർ പുതിയതായി അനുവദിക്കപ്പെട്ട കോളജുകളിൽ പ്രവേശനം നേടണം.

ഭിന്നശേഷിക്കാർക്ക് സംവരണം ചെയ്ത സീറ്റുകളിലേക്കും എയ്ഡഡ് കോളേജുകളിലെ കമ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കുമുള്ള റാങ്ക് ലിസ്റ്റുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റുകളിൽ ഉള്ളവരും ജൂലൈ എഴിനു വൈകുന്നേരം നാലിനു മുൻപ് കോളജുകളുമായി ബന്ധപ്പെട്ട് പ്രവേശനം ഉറപ്പാക്കണം.

(പി.ആർ.ഒ/39/1779/2025)

## പിജി, ബിഎഡ് മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദാനന്തര ബിരുദ, ബി.എഡ് പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴി പ്രവേശനത്തിനുള്ള മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

ഒന്നും രണ്ടും അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനമെടുത്തിട്ടുള്ളവരും മൂന്നാം അലോട്മെന്റ് ലഭിച്ചവരും ജൂലൈ ഏഴിനു വൈകുന്നേരം നാലിനു മുൻപ് സ്ഥിര പ്രവേശനം നേടണം. ഒന്നാം ഓപ്ഷൻ ഒഴികെയുള്ള ഓപ്ഷനുകളിൽ പ്രവേശനം ലഭിച്ച എസ്.സി, എസ്.ടി വിഭാഗക്കാർക്ക് പ്രത്യേക അലോട്ട്മെന്റു വരെ താത്കാലിക പ്രവേശനത്തിൽ തുടരാം.

(പി.ആർ.ഒ/39/1780/2025)

## ഓൺലൈൻ എംബിഎ കോഴ്സ് മെന്റർ; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എജ്യുക്കേഷൻ(സിഡിഒഇ) നടത്തുന്ന ഓൺലൈൻ എംബിഎ പ്രോഗ്രാമിന്റെ കോഴ്സ് മെന്റർ തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. മുസ്ലിം, ഓപ്പൺ വിഭാഗങ്ങളിൽ ഓരോ ഒഴിവുകൾ വീതമാണുള്ളത്.

ഒരുവർഷത്തേക്കാണ് നിയമനം. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സേവന കാലാവധി ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്. 55 ശതമാനം മാർക്കോടെ എംബിഎയും, യുജിസി നെറ്റ് അല്ലെങ്കിൽ പിഎച്ച്ഡി യോഗ്യതയുമുള്ളവരെയാണ് പരിഗണിക്കുന്നത്.

2025 ജനുവരി ഒന്നിന് 50 വയസ് കവിയരുത്. നിയമാനുസൃത വയസിളവ് ലഭിക്കും. പ്രതിമാസ വേതനം 40000 രൂപ. മുസ്ലിം വിഭാഗത്തിൽനിന്നുള്ളവരുടെ അഭാവത്തിൽ മറ്റു സംവരണ വിഭാഗങ്ങളെയും ഈ വിഭാഗങ്ങളിൽനിന്നുള്ളവർ ഇല്ലെങ്കിൽ ഓപ്പൺ വിഭാഗത്തെയും പരിഗണിക്കും.

അപേക്ഷ recruitmentada7@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ അയക്കണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ/39/1781/2025)

## സൗജന്യ തൊഴിൽ മേള മാറ്റിവച്ചു

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ജൂലൈ ഒൻപതിന് സർവകലാശാലയിൽ നടത്താനിരുന്ന തൊഴിൽ മേള ജൂലൈ 10ലേക്ക് മാറ്റി.

പ്രൊഫഷണൽ ഹോസ്പിറ്റാലിറ്റി, ടീച്ചിംഗ്, ടെക്സ്റ്റൈൽസ്, ബാങ്കിംഗ്, ഇൻഷുറൻസ്, ഫാസ്റ്റ് ഫുഡ് റെസ്റ്റോറന്റ് ശൃംഖല, പത്രമാധ്യമങ്ങൾ, ഫിനാൻസ് തുടങ്ങിയ മേഖലകളിലെ വിവിധ ഒഴിവുകളിലേക്കാണ് മേളയിൽ പങ്കെടുക്കുന്നവരെ തിരഞ്ഞെടുക്കുക.

താത്പര്യമുള്ളവർ https://www.empekm.in/mccktm/ എന്ന ലിങ്കിൽ ജൂലൈ ഒൻപതിനു മുൻപ് രജിസ്റ്റർ ചെയ്യണം. ഫോൺ : 9495628626, 0481-2731025.

(പി.ആർ.ഒ/39/1782/2025)

## പ്രാക്ടിക്കൽ

ജൂൺ 27ന് നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.വോക് ലോജിസ്റ്റിക് മാനേജ്മെന്റ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 10, 11 തീയതികളിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

..................................

നാലാം സെമസ്റ്റർ ബി.വോക് അഡ്വാൻസ്ഡ് കോഴ്സ് ഇൻ മൾട്ടി സ്പോർട്സ് ആന്റ് ഫിറ്റ്നസ് ട്രെയിനിംഗ് (പുതിയ സ്കീം-2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 14 മുതൽ മാറമ്പള്ളി എം.ഇ.എസ് കോളജിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

..................................

നാലാം സെമസ്റ്റർ എംഎസ്സി ഫിസിക്സ് (മെറ്റീരിയൽ സയൻസ് 2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ അഞ്ചു മുതൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

..................................

നാലാം സെമസ്റ്റർ ബി.വോക് സ്പോർട്സ് ന്യൂട്രിഷൻ ആന്റ് ഫിസിയോതെറാപ്പി (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീ ക്ഷകൾ ജൂലൈ 14, 15 തീയതികളിൽ പാലാ അൽഫോൻസാ കോളേജിൽ നടക്കും.

ടൈം ടേബിൾ വെബ് സൈറ്റിൽ.

..................................

രണ്ടാം സെമസ്റ്റർ ബിസിഎ, ബിഎസ്സി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മോഡൽ 3 (സിബിസിഎസ് 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് ഏപ്രിൽ 2025) പരീക്ഷയുടെ സോഫ്റ്റ്വെയർ ലാബ് 2 പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 11 മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

..................................

രണ്ടാം സെമസ്റ്റർ എം.എസ്സി സൈക്കോളജി (സിഎസ്എസ് 2024 അഡ്മിഷൻ റഗുലർ 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 23 മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1783/2025)

## പരീക്ഷാ ഫലം

അഫിലിയേറ്റഡ് കോളേജുകളിലെ ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ബേസിക് സയൻസസ് (കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്സ്), എംഎസ്സി കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ്) ഇന്റഗ്രേറ്റഡ് എംഎ ലാംഗ്വേജസ്-ഇംഗ്ലീഷ് (2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി മാർച്ച് 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 18 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ studentportal.mgu.ac.in എന്ന ലിങ്കിൽ.

..................................

ഒന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി മാത്തമാറ്റിക്സ് (2015 മുതൽ 2018 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 18 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1784/2025)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

രണ്ടാം സെമസ്റ്റർ എംഎസ്സി മെഡിക്കൽ ബയോകെമിസ്ട്രി (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് 2016, 2017 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ ഓഗസ്റ്റ് 12 മുതൽ നടക്കും. ജൂലൈ 21 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ജൂലൈ 22 വരെയും സൂപ്പർ ഫൈനോടുകൂടി ജൂലൈ 23 വരെയും അപേക്ഷ സ്വീകരിക്കും.

................................

അഞ്ചാം സെമസ്റ്റർ എംഎസ്സി മെഡിക്കൽ ബയോകെമിസ്ട്രി (2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് 2016, 2017 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ ജൂലൈ 18 മുതൽ നടക്കും. ജൂലൈ ഒമ്പതു വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ജൂലൈ 10 വരെയും സൂപ്പർ ഫൈനോടുകൂടി ജൂലൈ 11 വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/1785/2025)

## വൈവാവോസി

നാലാം സെമസ്റ്റർ എംഎ ഇക്കണോമിക്സ്, ബിസിനസ് ഇക്കണോമിക്സ്, ഡവലപ്പ്മെന്റ് ഇക്കണോമിക്സ് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രൊജക്റ്റ് ഇവാലുവേഷൻ ആന്റ് കോംപ്രിഹെൻസീവ് വൈവാവോസി പരീക്ഷകൾ ജുലൈ ഏഴു മുതൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1786/2025)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ്സി കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിൽ എസ്.സി, എസ്.ടി വിഭാഗങ്ങളിൽ ഒഴിവുള്ള രണ്ടു വീതം സീറ്റുകളിൽ ജൂലൈ ഏഴിന് സ്പോട്ട് അഡ്മിഷൻ നടക്കും.

എം.ജി സർവകലാശാല അംഗീകരിച്ച ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഐ.ടി, ബി.സി.എ, ബി.എസ്സി സൈബർ ഫോറൻസിക്സ്, ബി.എസ്സി ഡാറ്റ സയൻസ്, ഡാറ്റ അനലിറ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ് അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഇവയിൽ ഏതെങ്കിലും മുഖ്യ വിഷയമായുള്ള ബിരുദം അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ് ഒരു മുഖ്യ വിഷയമായുള്ള ബി.എസ്.സി

ഡബിൾ, ട്രിപ്പിൾ മെയിൻ യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്. താത്പര്യമുള്ളവർ യോഗ്യതാ രേഖകളുടെ അസ്സലുമായി ജൂലൈ ഏഴിനു രാവിലെ 11 ന് വകുപ്പ് ഓഫീസിൽ നേരിട്ട് എത്തണം. ഫോൺ: 0481 2733364

..................................

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആന്റ് റോബോട്ടിക്സിൽ എംഎസ്സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് പ്രോഗ്രാമിൽ എസ്സി വിഭാഗത്തിന് സംവരണം ചെയ്ത ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായ വിദ്യർഥികൾ അസ്സൽ രേഖകളുമായി ജൂലൈ എട്ടിനു രാവിലെ 10 ന് വകുപ്പ് ഓഫീസിൽ (റൂം നമ്പർ 514 കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. ഫോൺ-0481 2733387

(പി.ആർ.ഒ/39/1787/2025)

**പബ്ലിക് റിലേഷൻസ് ഓഫീസർ**